**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3157** **01-03-2023 - ൽ മറുപടിയ്ക്ക്**

**ടൂറിസത്തിന്റെ പ്രാധാന്യം അറിയിക്കാൻ അന്തർദേശീയ തലത്തിൽ പ്രചാരണ പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേരള ടൂറിസത്തിന്റെ പ്രാധാന്യം അറിയിക്കാൻ അന്തർദേശീയ തലത്തിൽ പ്രചാരണ പരിപാടികൾ ആസൂത്രണം ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തേയും ജൈവ വൈവിധ്യങ്ങളാൽ സമ്പന്നമായ പ്രകൃതി സൗന്ദര്യത്തേയും പ്രയോജനപ്പെടുത്തി കൊണ്ട് ആഗോള ടൂറിസം രംഗത്ത് കേരളം ഒരു ബ്രാൻഡ് ആയി ശ്രദ്ധിക്കപ്പെടാനും കേരള ടൂറിസത്തിന്റെ പ്രാധാന്യം വിദേശ സഞ്ചാരികളെ അറിയിക്കുന്നതിനും അതുവഴി കൂടുതൽ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുമായി ലണ്ടൻ, സ്പെയിൻ, ഇറ്റലി, യു.എസ്.എ., ഫ്രാൻസ്, റഷ്യ, മിഡിൽ ഈസ്റ്റ് തുടങ്ങിയ അന്താരാഷ്ട്ര വേദികളിൽ സംഘടിപ്പിക്കുന്ന ട്രാവൽ മാർട്ടുകളിൽ കേരള ടൂറിസം പങ്കെടുക്കാറുണ്ട്. WTM ലണ്ടൻ, FITUR മാഡ്രിഡ്, BIT മിലാൻ തുടങ്ങിയ അന്താരാഷ്ട്ര മേളകളിൽ ഈ സാമ്പത്തിക വർഷം കേരള ടൂറിസം പങ്കെടുത്തിട്ടുണ്ട്. കൂടാതെ ഇനി നടക്കാനിരിക്കുന്ന ITB ബെർലിൻ, MITT മോസ്കോ തുടങ്ങിയ മേളകളിൽ പങ്കെടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിനു പുറമെ കേരള ടൂറിസത്തിലെ സംരംഭകരെ ഉൾപ്പെടുത്തിക്കൊണ്ട് ലണ്ടൻ, ഡബ്ലിൻ, ന്യൂയോർക്ക്, ലോസ് ഏഞ്ചൽസ്, സാൻഫ്രാൻസിസ്കോ, മ്യൂനിച്ച്, ഫ്രാങ്ക്ഫർട്ട് തുടങ്ങിയ നഗരങ്ങളിൽ ബി 2 ബി മീറ്റുകൾ സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) | ആഭ്യന്തര ടൂറിസ്റ്റുകളെ കൂടുതൽ ആകർഷിക്കുന്നതിന് | (ബി) | |

| | | | | |
|---|---|---|---|---|
| | സംസ്ഥാന ടൂറിസത്തിന്റെ പ്രത്യേകതകൾ ഉൾപ്പെടുത്തി വീഡിയോ തയ്യാറാക്കി മറ്റ് സംസ്ഥാനങ്ങളിൽ പ്രചരിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | | | വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുവേണ്ടി ആസൂത്രിതമായ മാർക്കറ്റിംഗ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. സംസ്ഥാനത്തിന്റെ മനോഹാരിതയും പുലികളിയും കലയും സംസ്കാരവും ചരിത്രവും സ്മാരകങ്ങളും കഥകളിയും കാരവാൻ ഷോർട്ട് ഫിലിമും ബേപ്പൂർ വാട്ടർഫെസ്റ്റും പ്രതിപാദിക്കുന്ന വീഡിയോകൾ സോഷ്യൽ മീഡിയ ക്യാമ്പയിനുകളിൽ ഉൾപ്പെടുത്തി ദേശീയ തലത്തിൽ പ്രചരിപ്പിച്ചുകൊണ്ട് ആഭ്യന്തര വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് വേണ്ട നപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ